2013-14-ൽ കിസുമം പട്ടികജാതി കോളനിയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എഫ്.ഐ.ടി. യാണ് രണ്ട് കോളനികളുടേയും വികസന പ്രവർത്തനങ്ങൾ നടത്തുന്നത്.

(ഡി) ഉണ്ട്.

1. കടിവെള്ള പദ്ധതി OH സിന്റക്സ് ടാങ്ക്

2. കടിവെള്ള പദ്ധതി (4 metre height tank, well, plumbing)

ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് FIT-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം**

285 (4571) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കായി അനുവദിച്ചിട്ടുള്ള ചികിത്സാ ധനസഹായം യഥാസമയം വിതരണം ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ച ധനസഹായം 8 മാസത്തിലധികമായിട്ടും ലഭിക്കാത്തതായ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ധനസഹായ വിതരണത്തിലുണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഇല്ല.

(സി) 30-11-2014 വരെ അനുമതി ഉത്തരവ് ലഭിച്ച എല്ലാ അപേക്ഷകർക്കും തുക അനുവദിച്ചിട്ടുണ്ട്. അവസാനമായി അനുമതി ലഭിച്ച 47 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 1,18,700 രൂപ ആലത്തൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. നിലവിൽ കുടിശ്ശികയില്ല.

LIBRARY ARCHIVES Kerala Legislative Assembly